## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 174** **14-10-2024 - ൽ മറുപടിയ്ക്ക്**

## സ്ത്രീകളുടെയും കുട്ടികളുടെയും വയോജനങ്ങളുടെയും ആരോഗ്യ പരിപാലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിലെ മാതൃമരണ നിരക്ക് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞതാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി മാതൃമരണനിരക്ക് കുറച്ച് കൊണ്ടുവരുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും, നാഷണൽ ഹെൽത്ത് മിഷനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് KFOG (Kerala Federation of Obstetrics and Gynecology) ന്റെ സാങ്കേതിക സഹകരണത്തോടെ പ്രവർത്തന പദ്ധതി തയ്യാറാക്കി കേരളത്തിലെ പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കിവരുന്നു.<br><br>കൂടാതെ മാതൃ ശിശുമരണ നിരക്ക് കുറയ്ക്കുക, ഗർഭിണികളായ സ്ത്രീകൾക്കും നവജാത ശിശുക്കൾക്കും മികച്ച പരിചരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യത്തോടുകൂടി '**ലക്ഷ്യ**' പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>സുസ്ഥിര വികസന സൂചിക 2023 പ്രകാരം നവജാതശിശുമരണ നിരക്ക് 2030 ൽ ലക്ഷ്യം വെച്ചിരുന്നത് 1000 കുഞ്ഞുങ്ങൾക്ക് 12 എന്നായിരുന്നു, എന്നാൽ കേരളത്തിൽ ഇത് 1000 കുഞ്ഞുങ്ങളിൽ 4 എന്ന നേട്ടം കേരള ആരോഗ്യ വകുപ്പിന് കൈവരിക്കാൻ സാധിച്ചു. ഇതിനു ഊട് പാകിയത് ഹൃദ്യം, ശലഭം , അമ്മയും കുഞ്ഞും പദ്ധതി, ക്രിട്ടിക്കൽ ന്യൂബോൺ കെയർ, SNCU, NBSU , NBCC , NRC, Mother and Baby Friendly Hospital Initiative, MUSQAN, KARE തുടങ്ങിയ നൂതന പദ്ധതികൾ ആണ്. ഇതു കൂടാതെ ആറുമാസം വരെ കുഞ്ഞിന് മുലപ്പാൽ മാത്രം നൽകിയവരുടെ എണ്ണം 54.9 ശതമാനത്തിൽ നിന്നും 63.7 ശതമാനത്തിലേക്കും, രണ്ടു വയസ്സിൽ താഴെ പ്രതിരോധ കുത്തി വയ്പ്പുകൾ പൂർണമായും എടുത്ത |

കുട്ടികളുടെ എണ്ണം 62 ശതമാനത്തിൽ നിന്നും 76.4% ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ദേശീയ കുടുംബ ആരോഗ്യ സർവ്വെ-5 ലെ കണക്കുകൾ അനുസരിച്ച ശിശുമരണ നിരക്കിന്റെ ദേശീയ ശരാശരി 35 ഉം (SRS 2020 പ്രകാരം ദേശീയ ശരാശരി 28-ഉം) കേരളത്തിൻെറ 6 ഉം ആകുന്നു.

അപൂർവ്വരോഗ ബാധിതരായ കുഞ്ഞുങ്ങളുടെ ചികിത്സയ്ക്ക് പ്രത്യേക പദ്ധതി നടപ്പിലാക്കുക വഴി, ശിശുമരണനിരക്ക് വീണ്ടും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. SMA പോലുള്ള രോഗാവസ്ഥകളിൽ 93% ഒരു വയസ്സിന് താഴെയുള്ള കുട്ടികളും കൃത്യമായ ചികിത്സ നൽകിയതുകൊണ്ട് മരണത്തിന് കീഴടങ്ങിയിട്ടില്ല. കേരളത്തിൽ 65% SMA രോഗബാധിതരും ഏതെങ്കിലും തരത്തിലുള്ള ചികിത്സ നേടുന്നുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് വിവിധ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ JSSK, താലോലം. RSBY, ആരോഗ്യകിരണം, കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയ പദ്ധതികൾ ഉപയോഗപ്പെടുത്തുന്നുണ്ട്. 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ഒ. പി, ഐ. പി ചികിത്സകൾ, മരുന്ന് എന്നിവ സൗജന്യമായി അനുവദിക്കുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ഭാഗമായ എസ് എ റ്റി ആശുപത്രിയ്ക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു. മാതൃ ശിശു സൗഹൃദ ആശുപത്രി എന്ന ഗുണനിലവാരത്തിലും ദേശീയ അംഗീകാരമായ MBFHI സർട്ടിഫിക്കേഷൻ ഈ ആശുപത്രിക്ക് ലഭിച്ചു. അപൂർവ്വ രോഗങ്ങൾക്ക് വേണ്ടിയുള്ള മികവിന്റെ കേന്ദ്രമായി കേന്ദ്ര ആരോഗ്യ മന്ത്രാലയം എസ് എ റ്റി ആശുപത്രിയെ ഉയർത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാത്ത് ലാബ് ആരംഭിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ കുട്ടികൾക്കുള്ള കാർഡിയോ തൊറാസിക് സർജറി തിയേറ്റർ ആരംഭിക്കുകയും ചെയ്തു. ഗൈനക് വിഭാഗത്തിൽ താക്കോൽദ്വാര സർജറികൾ ഇവിടെ നടത്തുന്നു. ഗർഭസ്ഥ ശിശുക്കളുടെ ചികിത്സയ്ക്കുള്ള ഫീറ്റൽ മെഡിസിൻ വിഭാഗവും 'ശ്രദ്ധാ' ക്ലിനിക്കും പ്രവർത്തിക്കുന്നു. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗർഭിണികൾക്കു വേണ്ടി മാത്രം പുതുതായി ഒരു ഒ&ജി ബ്ലോക്ക് പ്രവർത്തനം ആരംഭിച്ചു. ഇതിലൂടെ ഗർഭിണികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും സൗകര്യങ്ങളും ലഭിക്കുന്നു.

| | | | |
|---|---|---|---|
| | | | മോഡ്യുലാർ തിയേറ്റർ ഉൾപ്പെടെ അത്യാധുനിക സൗകര്യങ്ങൾ ഈ ബിൽഡിംഗിൽ സജ്ജീകരിച്ചിട്ടുണ്ട്.<br><br>ഗൈനക്കോളജി വിഭാഗത്തിൽ കോന്നി മെഡിക്കൽ കോളേജിൽ തിങ്കൾ മുതൽ ശനി വരെ തുടർച്ചയായുള്ള ഗൈനക്കോളജി ഒ പി വിഭാഗം പ്രവർത്തിക്കുകയും സ്ത്രീ രോഗചികിത്സ നൽകുകയും ചെയ്യുന്നു.<br><br>സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ പരിപാലനത്തിനായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ BFHI പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. കോട്ടയം ഗവ. മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗത്തിൽ ലക്ഷ്യ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളതിനാൽ ഏറ്റവും കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള നൂതന ചികിത്സ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. പ്രസവത്തിനു മുമ്പുള്ള പരിചരണം, പ്രസവ ചികിത്സാ സേവനങ്ങൾ, പ്രസവാനന്തര കാലയളവിലെ ശുശ്രൂഷകൾ, മുലയൂട്ടൽ പിന്തുണയും ഉപദേശവും, ഗർഭസ്ഥ നിരീക്ഷണം, ഗൈനക്കോളജിക്കൽ കാൻസറുകൾ കണ്ട് പിടിക്കലും പ്രതിരോധവും, പ്രസവ പൂർവ്വ ക്ലാസ്സുകൾ, പ്രസവ പൂർവ്വ വിഷാദരോഗ പരിശോധനയും ചികിത്സയും തുടങ്ങി പ്രസവം പ്രസവാനന്തര കാലം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനോടൊപ്പം കുഞ്ഞുങ്ങളുടെയും ആരോഗ്യ കുടുംബാസൂത്രണ സ്ത്രീകളുടെയും പരിപാലനത്തിനായി ഗൈനക്കോളജി വിഭാഗത്തിൽ നിന്നും നൽകുന്ന വിവിധങ്ങളായ ക്ലാസ്സുകൾ, പ്രതിരോധ കുത്തിവയ്പ്പ് സംബന്ധിച്ച് ബോധവത്ക്കരണം തുടങ്ങി ഗൈനക്കോളജി വിഭാഗത്തിൽ നിന്നും ലഭ്യമാക്കാവുന്ന എല്ലാവിധ ചികിത്സയും ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി വരുന്നു.<br><br>സ്ത്രീകളുടെയും ആരോഗ്യപരിപാലനത്തിനായി കുട്ടികളുടെയും സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ ചികിത്സാപദ്ധതികൾ നിലവിൽ ഉള്ളതിനാൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ രംഗത്ത് ദേശീയ ശരാശരിയെ അപേക്ഷിച്ച് മികച്ച നേട്ടങ്ങളും (കുറഞ്ഞ മാതൃശിശുമരണനിരക്ക്, വിളർച്ച, അനീമിയ തുടങ്ങിയവ) സ്വായത്തമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | ട്രാൻസ്ജെൻഡറുകൾ ഉൾപ്പടെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ആരോഗ്യ | (ബി) | എൻ.എച്ച്.എം. ന്റെ കീഴിൽ കേരളത്തിലെ തെരഞ്ഞെടുത്ത ജില്ലകളിൽ ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റി ലിങ്ക് വർക്കർ (CLW) പദ്ധതി |

| | | | |
|---|---|---|---|
| | സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | ആരംഭിച്ചിട്ടുണ്ട്. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാൻ നിരവധി തടസ്സങ്ങൾ നേരിടുന്ന ട്രാൻസ് ജൻഡർ വിഭാഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ ട്രാൻസ് ജൻഡർ കമ്മ്യൂണിറ്റിക്കും ആരോഗ്യ സംവിധാനത്തിനും ഇടയിൽ ഉള്ള കണ്ണിയായി പ്രവർത്തിക്കുകയെന്നതാണ് കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരുടെ ചുമതലകൾ. ഇതിന്റെ ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 15 കമ്മ്യൂണിറ്റി ലിങ്ക് വർക്കർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി പ്രവർത്തിച്ചു വരുന്നു. ഇതോടൊപ്പം ഈ 4 ജില്ലകളിലെ ജനറൽ ആശുപത്രികളെ ക്വിയർ ഫ്രണ്ട്‌ലി ആക്കുന്നതിന്റെ ഭാഗമായി ആശുപത്രിയിലെ മുഴവൻ സ്റ്റാഫിനും പരിശീലനം നല്കിവരുകയാണ്.<br><br>കേരളത്തിൽ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് ട്രാൻസിഷൻ സർജറിയുടെ ചിലവ് റീ ഇമ്പേഴ്സ് ചെയ്യുന്ന പദ്ധതി സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെൻറ് നടത്തിവരുന്നു. സർജറിക്കും അനന്തര പരിപാലനത്തിനും വേണ്ടിയാണ് ഈ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്.<br><br>ട്രാൻസ്ജെൻഡറുകളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് ട്രാൻസ്ജെൻഡർ ക്ലിനിക്ക് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മെഡിസിൻ വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്നു. |
| (സി) | വയോജന ആരോഗ്യ സംരക്ഷണം ലക്ഷ്യമിട്ട് എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയുടെ National Programme for Health Care of the Elderly (NPHCE)യിലൂടെയും ആരോഗ്യ വകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയിലൂടെയും പ്രധാന ആശുപത്രികളിൽ വയോജന ക്ലിനിക്കുകളും, വയോജന സൗഹൃദ വാർഡുകളും സജ്ജീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രികളിലും മറ്റ് പ്രധാന ആശുപത്രികളിലും വയോജനസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള എൽഡർലി ഫ്രണ്ട്‌ലി ഹോസ്പിറ്റൽഇനിഷ്യേറ്റീവ് നടപ്പിലാക്കിയിട്ടുണ്ട്. ആന്റിസ്കിഡ് ടൈലുകൾ, വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റയിലുകൾ, നോ-ക്യൂ സംവിധാനം, വയോജനങ്ങൾക്കായി ഇരിപ്പിടങ്ങൾ, കുടിവെള്ള സംവിധാനം എന്നിവയെല്ലാം അടങ്ങുന്നതാണ് ജെറിയാട്രിക് വാർഡുകൾ. ഒരു ഡോക്ടറുടെ നേതൃത്വത്തിൽ സ്റ്റാഫ് നഴ്സിന്റേയും, ഫിസിയോതെറാപ്പിസ്റ്റിന്റേയും സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ട് വയോജനങ്ങൾക്ക് മാത്രമായി |

| | | | |
|---|---|---|---|
| | | | സജ്ജീകരിച്ചിട്ടുള്ളതാണ് വയോജന ആരോഗ്യക്ലിനിക്കുകൾ. ദേശീയ ആരോഗ്യ ദൗത്യം മുഖേന കരാറടിസ്ഥാനത്തിൽ ഡോക്ടർമാരെയും, സ്റ്റാഫ് നഴ്സിനെയും, ഫിസിയോതെറാപ്പിസ്റ്റിനെയും ഈ ക്ലിനിക്കുകളിൽ നിയമിച്ചിട്ടുണ്ട്. സാമൂഹികാരോഗ്യകേന്ദ്രങ്ങളിൽ ഒരു സ്റ്റാഫ് നഴ്സിനെയും, ഒരു ഫിസിയോതെറാപ്പിസ്റ്റിനെയും വയോജനാരോഗ്യ ക്ഷേമത്തിനായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 700ലേറെ വരുന്ന വൃദ്ധസദനങ്ങളിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ഉപയോഗിച്ചുകൊണ്ട് ആരോഗ്യവകുപ്പ് മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് എല്ലാ ജില്ലകളിലും comprehensive ജെറിയാട്രിക് കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൃത്രിമ ദന്തങ്ങൾ, ശ്രവണ സഹായികൾ, വൈകല്യം കുറയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ വയോജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വയോജന ക്ലിനിക്കുകളും അനുബന്ധ സൗകര്യങ്ങളും സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം, സർക്കാർ മെഡിക്കൽ കോളേജ് കോഴിക്കോട്, സർക്കാർ മെഡിക്കൽകോളേജ് തൃശ്ശൂർ, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്, സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നിട്ടുള്ളതെന്ന് വിശദാംശം നൽകാമോ? | (ഡി) | സംസ്ഥാനത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പാലിയേറ്റീവ് കെയർ പദ്ധതി രാജ്യത്തിന് തന്നെ മാതൃകയായി പ്രവർത്തിച്ചുവരുന്നു. കേരളത്തിന്റെ പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങൾ സവിശേഷമാണെന്ന് ലോകാരോഗ്യസംഘടന വിശേഷിപ്പിച്ചിട്ടുണ്ട്. 2023 ൽ ലോകാരോഗ്യ സംഘടന ദക്ഷിണ പൂർവ്വേഷ്യൻ റീജിയണൽ വർക്ക് ഷോപ്പിനെ ആസ്പദമാക്കി പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പാലിയേറ്റീവ് പരിചരണ രംഗത്ത് കേരളം വിജയകരമായ മാതൃകയാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. 2019-ൽ പുതുക്കിയ പാലിയേറ്റീവ് കെയർ നയം പ്രഖ്യാപിക്കുകയും 2023 മുതൽ പ്രത്യേക ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ദീർഘകാല രോഗങ്ങൾ മൂലം ശാരീരികവും മാനസികവും സാമൂഹികവുമായ പ്രയാസങ്ങൾ അനുഭവിക്കുന്ന രോഗികളുടെയും കുടുംബാംഗങ്ങളുടെയും സമഗ്ര പരിചരണ സംവിധാനമായിട്ടാണ് കേരളത്തിൽ പാലിയേറ്റീവ് |

കെയർ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നത്. സമഗ്ര പരിചരണം ഉറപ്പാക്കുന്നതിന് വേണ്ടിയാണ് രോഗികളെ അവരുടെ വീടുകളിൽ ചെന്ന് പരിചരിക്കുന്ന "ഹോം കെയർ സംവിധാനം" ഏർപ്പെടുത്തിയിട്ടുള്ളത്. സർക്കാർ തലത്തിൽ 1142 പ്രൈമറി ഹോം കെയർ യൂണിറ്റുകളും, 231 സെക്കന്ററി ഹോം കെയർ യൂണിറ്റുകളും, സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 500 ലധികം ഹോം കെയർ യൂണിറ്റുകളും കേരളത്തിൽ പ്രവർത്തിക്കുന്നു. വിവിധ ഹോം കെയർ യൂണിറ്റുകൾ വഴി ഒരു സമയത്ത് രണ്ടരലക്ഷത്തോളം രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം ഉയർത്തുന്ന വിവിധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും സാന്ത്വന പരിചരണം നൽകി വരുന്നുണ്ട്. പ്രധാന ആശുപത്രികളിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ സഹായത്തോടുകൂടി സെക്കൻഡറി ലെവൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ മെഡിക്കൽ കോളേജുകൾ, ആയുഷ് വിഭാഗം, ഇതര ചികിത്സാ വിഭാഗങ്ങൾ എന്നിവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പാലിയേറ്റീവ് കെയർ മേഖല വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന 500 ഓളം സന്നദ്ധ സംഘടനകളെ രജിസ്റ്റർ ചെയ്യുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പാലിയേറ്റീവ് കെയർ രംഗത്ത് പ്രാഥമിക തലം വരെ ഫിസിയോതെറാപ്പി സേവനങ്ങൾ വീടുകളിൽ ഉറപ്പാക്കുന്ന സേവനം രാജ്യത്തിന് തന്നെ മാതൃകയായ ഒന്നാണ്. പാലിയേറ്റീവ് പരിചരണ രംഗത്ത് കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി സ്റ്റുഡൻസ് പാലിയേറ്റീവ് കെയർ ആരംഭിക്കുകയും പരിശീലനങ്ങൾക്കായി ഒരു ഏകീകൃത പരിശീലന മോഡ്യൂൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന സർക്കാരിന്റെ പാലിയേറ്റിവ് കെയർ നയപ്രകാരം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കണം എന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചു. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ, നഴ്സുമാർ, മറ്റു ജീവനക്കാർ എന്നിവർക്കായി സാന്ത്വന പരിപാലനത്തിൽ പ്രത്യേക ബോധവത്കരണം നൽകി പാലിയേറ്റീവ് കെയർ യൂണിറ്റിൽ

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിനാവശ്യമായ പ്രത്യേക പരിശീലനം ലഭിക്കുന്നതിനായി ഡോക്ടർമാർ, നഴ്സുമാർ എന്നിവരെ വിദഗ്ധ സെന്ററുകളിൽ അയയ്ക്കുകയും, പരിശീലനം പൂർത്തിയാക്കിയവർ പാലിയേറ്റീവ് കെയർ യൂണിറ്റിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.<br><br>പാലിയേറ്റീവ് രംഗത്തുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ ദേശീയ ക്യാൻസർ ഗ്രിഡിന്റെ മാതൃകയിൽ പാലിയേറ്റീവ് കെയർ സേവനങ്ങൾ പ്രാഥമികം, ദ്വിതീയം, തൃതീയം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.<br><br>പ്രൈമറി തലത്തിൽ സാന്ത്വ പരിചരണ സേവനം പഞ്ചായത്ത്/മുൻസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ തന്നെ തുടങ്ങുന്നു. സാന്ത്വന പരിചരണത്തിനായി "അയൽക്കൂട്ടകണ്ണികൾ" എന്ന ആശയവും ഇതോടൊപ്പം പ്രാവർത്തികമാക്കുന്നു. PHC/FHC തലത്തിൽ ഹോം കെയർ ഉൾപ്പെടെ ഉള്ളവ നടത്തിക്കൊണ്ട് പ്രാഥമിക ഘട്ട പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നു. ദ്വിതീയ ഘട്ടത്തിൽ CHC താലൂക്ക് എന്നിവിടങ്ങളിൽ സേവനം നൽകി വരുന്നു. കിടത്തി ചികിത്സയും, സ്പെഷ്യലിസ്റ്റ് ഹോം കെയർ" എന്നിവയും നൽകി വരുന്നു. പാലിയേറ്റിവ് കെയർ സർവ്വീസിൽ പങ്കാളികളാകുന്ന സ്വകാര്യ ആശുപത്രികളും ഇതേ വിഭാഗത്തിൽ വരുന്നു. തൃതീയ ഘട്ടത്തിൽ ജനറൽ ഹോസ്പിറ്റൽ/ജില്ലാ ആശുപത്രികൾ/ മെഡിക്കൽ കോളേജുകൾ എന്നിവ ഉൾപ്പെടുന്നു.<br><br>പരിശീലനവും ഗവേഷണ പ്രവർത്തനങ്ങളും ഭാവിയിൽ ഉൾപ്പെടുത്തികൊണ്ട് തൃതിയ ഘട്ടത്തെ "മികവിന്റെ കേന്ദ്രം" ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭ ദിശയിൽ ആണ്. നയരേഖയിലെ മറ്റ് ആശയങ്ങൾ സാന്ത്വന പരിചരണവും പൊതുജനാവബോധവും സാന്ത്വന പരിചരണത്തെപ്പറ്റി യുവതലമുറയിൽ അവബോധം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലം മുതൽ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ